# Kerala Hotel & Restaurant Association

STATE COMMITTEE

II Floor, K.H.R.A. Bhavan, M.G. Road, Kochi - 682 035

Phone : 0484 2366602


സംസ്ഥാനതലവാർത്ത

28-4-2023

## പ്രസ്സ് റിലീസ്

### ഈസ്റ്റർ, വിഷു, ഈദ് ആഘോഷം സംഘടിപ്പിച്ചു - കെ.എച്ച്.ആർ.എ

കേരള ഹോട്ടൽ & റസ്റ്റോറന്റ് അസോസിയേഷൻ സംസ്ഥാനകമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ഈസ്റ്റർ, വിഷു, ഈദ് ആഘോഷം സംഘടിപ്പിച്ചു. കെ.എച്ച്.ആർ.എ. ഭവനിൽ നടന്ന ആഘോഷം ഹൈബി ഈഡൻ എം.പി. ഉദ്ഘാടനം ചെയ്തു. സംസ്ഥാന പ്രസിഡന്റ് ജി. ജയപാൽ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ടി. ജെ. വിനോദ് എം.എൽ.എ., സിറ്റി പോലീസ് അസിസ്റ്റന്റ് കമ്മീഷണർ ജയകുമാർ, ബേക്സ് സംസ്ഥാന പ്രസിഡന്റ് വിജീഷ് വിശ്വനാഥൻ, വ്യാപാരി വ്യവസായി ഏകോപന സമിതി ജില്ലാ വൈസ് പ്രസിഡന്റ് അബ്ദുൾ റസാഖ്, ഡി.സി.സി. പ്രസിഡന്റ് മുഹമ്മദ് ഷിയാസ്, ഐ.എൻ.എൽ ജില്ലാ പ്രസിഡന്റ് മുഹമ്മദ് നജീബ്, ഗ്രാന്റ് ഹയാത് എക്സിക്യൂട്ടീവ് ഷെഫ് ലത, കെ.എച്ച്.ആർ.എ. രക്ഷാധികാരി ജി. സുധീഷ്കുമാർ അടക്കമുള്ള പ്രമുഖർ പങ്കെടുത്തു. ചടങ്ങിൽ ഇൻഡോ റഷ്യൻ എക്സലൻസ് അവാർഡ് നേടിയ കോവളം ഉദയസമുദ്ര ഹോട്ടലുടമ ഡോ. രാജശേഖരൻ നായരേയും കേരള ചലചിത്ര അക്കാഡമി അംഗം മമ്മി സെഞ്ച്വറിയേയും ആദരിച്ചു. ഹോട്ടൽ ബിസിനസ് മെച്ചപ്പെടുത്തുന്നതിന് ഹോട്ടലുടമകൾക്ക് സഹായകരമാകുന്ന റെസ്റ്റോ ആപ്പിന്റെ ഉദ്ഘാടനം സംസ്ഥാനപ്രസിഡന്റ് ജി. ജയപാൽ നിർവ്വഹിച്ചു. സംസ്ഥാന ജനറൽസെക്രട്ടറി കെ. പി. ബാലകൃഷ്ണപൊതുവാൾ സ്വാഗതവും, ട്രഷറർ എൻ. അബ്ദുൾ റസാഖ് നന്ദിയും പ്രകാശിപ്പിച്ചു.

**ജി. ജയപാൽ**
പ്രസിഡന്റ്
9544844446

**കെ. പി. ബാലകൃഷ്ണ പൊതുവാൾ**
ജനറൽ സെക്രട്ടറി
9447704934